(സി) അധികാര വികേന്ദ്രീകരണം പല സംസ്ഥാനങ്ങളിലും പല രീതിയിൽ നടപ്പിലാക്കുന്നെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും കേരളത്തിൽ ആവശ്യമില്ല എന്നൊരു വാദഗതി നിലവിലുണ്ടായിരുന്ന കാര്യം ഗവൺമെന്റിനറിവുണ്ടോ;

(ഇ) വ്യത്യസ്ത സാഹചര്യങ്ങൾ നിലനിൽക്കുന്ന വ്യത്യസ്ത സംസ്ഥാനങ്ങളിൽ വികേന്ദ്രീകരണം ഒരേ രീതിയിലാക്കണമെന്ന വാദം പ്രായോഗികമാണെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല. പ്രാദേശിക വ്യത്യാസങ്ങൾ പ്രതിഫലിക്കുന്ന ഒരു സംവിധാനമാണ് വേണ്ടത്.

(ബി) ഭരണഘടനാ ഭേദഗതിക്കുശേഷം വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിൽ വന്നിട്ടുള്ള നേട്ടങ്ങളേയും കോട്ടങ്ങളേയും ഉന്നതതലത്തിൽ അവലോകനം ചെയ്യുന്നതിന് ഒരു ലോക്കൽ ഗവൺമെന്റ് കമ്മിഷൻ രൂപീകരിക്കുന്നതിന് കൗൺസിൽ ഫോർ ലോക്കൽ ഗവൺമെന്റിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത് അഖിലേന്ത്യാതലത്തിൽ പരിശോധിക്കേണ്ടതാണ്.

(ഡി) കേരളത്തിൽ വലിയ ഗ്രാമപഞ്ചായത്തുകളും താരതമ്യേന ചെറിയ ജില്ലകളും ഉള്ളതിനാൽ ഒരു ഇടനില സംവിധാനം എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രസക്തിയില്ല എന്ന് സെൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ ഇതിനോട് യോജിക്കുന്നു. എന്നാൽ ഭരണഘടനാ ഭേദഗതി കൊണ്ടുമാത്രമേ ഇതു സാദ്ധ്യമാവുകയുള്ളൂ.

(ഇ) ഇല്ല.

3 (625) ഔദ്യോഗിക വാഹനങ്ങളിൽ ടോപ്പ്‌ലൈറ്റ് ഉപയോഗിക്കുന്നവർ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈ ഡിഗ്നിറ്ററീസിനെ നിർവചിച്ചുകൊണ്ട് 1999 ഏപ്രിൽ മാസത്തിൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചശേഷവും നിയമം ലംഘിച്ച് ഔദ്യോഗിക വാഹനങ്ങളിൽ ചുവന്ന നിറത്തിലെ ടോപ്പ് ലൈറ്റ് ഉപയോഗിക്കുന്നവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ബി) സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) പരിശോധന നടത്തി നിയമലംഘനം ശ്രദ്ധയിൽപ്പെട്ട വാഹനങ്ങളിൽനിന്നും ചുവപ്പു ലൈറ്റ് നീക്കം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

4 (626) മുൻ വൈദ്യുതി വകുപ്പുമന്ത്രിയുടെ വിദേശ പര്യടനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ വൈദ്യുതി വകുപ്പുമന്ത്രി വിദേശ പര്യടനം നടത്തിയപ്പോഴുള്ള ഹോട്ടൽ ബില്ലുകൾ സർക്കാരിന് നൽകിയിട്ടില്ലെന്ന് അക്കൗണ്ടന്റ് ജനറൽ 1998 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) എത്ര രൂപയുടെ ബില്ലുകൾ കിട്ടിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ യാത്ര ഔദ്യോഗിക യാത്രയായിരുന്നോ;

(ഡി) മന്ത്രി താമസിച്ചിരുന്ന ഹോട്ടലുകളിൽ നിന്നും ലഭിച്ച ബില്ലുകളിലെ തുക നൽകിയിട്ടില്ലെന്ന അറിയിപ്പ് എന്തെങ്കിലും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഇ) ഹോട്ടൽ ചെലവുകൾക്കുള്ള തുക ബന്ധപ്പെട്ട മന്ത്രി ഹോട്ടലുകൾക്ക് നൽകിയതായി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള ബില്ലുകൾ സർക്കാരിന് നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(ജി) ഈ ഹോട്ടൽ ബില്ലുകൾ മന്ത്രിയുടെ യാത്ര സ്പോൺസർ ചെയ്ത വിദേശ കമ്പനി ഹോട്ടലുകൾക്ക് നൽകിയിട്ടുണ്ടോ എന്ന വിവരം ഗവൺമെന്റിനറിവുണ്ടോ;

(എച്ച്) ഇക്കാര്യത്തിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ പരാമർശത്തിന് മറുപടി എന്തെങ്കിലും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എച്ച്) ഏത് മുൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുടെ കാര്യമാണ് ചോദ്യത്തിൽ ഉന്നയിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

5 (628) ക്രീമിലെയർ നിർണ്ണയിക്കുന്നതിനുള്ള കമ്മിഷൻ

ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly